(c) ആ കുറവ് നികത്തുന്നതിലേയ്ക്കു പ്രത്യേക പദ്ധതികൾ ആരംഭിച്ചിട്ടില്ല.

(d) 1954-1955 വർഷത്തിൽ മദ്യനിരോധനനിയമം ലംഘിച്ചതിന്മേൽ 2064 കേസുകൾ ഉണ്ടായിട്ടുണ്ട്. ഈ നിയമം കൂടുതൽ പ്രായോഗികമാക്കുന്നതിൽ എക്സൈസ് ഡിപ്പാർട്ടുമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : മദ്യനിരോധനാന്വേഷണക്കമ്മിഷൻ ഇവിടം സന്ദർശിച്ച അവസരത്തിൽ മദ്യനിരോധനത്തെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെന്റിന്റെ നയം എന്താണെന്ന് അവരെ അറിയിച്ചതു് ഒന്നു വിശദീകരിക്കുമോ ?

ശ്രീ. എ. എ. റഹിം : മദ്യനിരോധനം സാവ്വത്രികമാക്കണമെന്നാണ് ഗവണ്മെന്റിന്റെ നയം.

ശ്രീ. എൻ. ജി. ചാക്കോ : അടുത്ത സാമ്പത്തിക വർഷത്തിൽ മദ്യനിരോധനം ഏതാനും താലൂക്കുകളിൽക്കൂടി വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുമെന്നു് മുമ്പു ഒരു ചോദ്യത്തിനുത്തരം പറഞ്ഞിട്ടുണ്ടു്. അങ്ങനെ അടുത്ത സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും താലൂക്കുകളിൽ മദ്യനിരോധനം വ്യാപിപ്പിയ്ക്കാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : ഈ സംസ്ഥാനത്തു് മദ്യനിരോധനം സാവ്വത്രികമാക്കണമെന്നുള്ളതാണ് ഗവണ്മെന്റിന്റെ നയം. അതുകൊണ്ടു് തൽക്കാലം ഏതാനും താലൂക്കുകളിൽ ഇതു വ്യാപിപ്പിയ്ക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

ശ്രീ. സി. എ. മാത്യു : കോട്ടയം ഡിസ്ട്രിക്ടിൽ മാത്രം ഇതുവരെ മദ്യനിരോധനം ഏർപ്പെടുത്താത്തതെന്തുകൊണ്ടാണു്. അതിനു പ്രത്യേക കാരണം വല്ലതുമുണ്ടോ ?

(ഉത്തരമില്ല)

ശ്രീമൂലം കേന്ദ്ര കൈത്തറി സഹകരണ സംഘം.

* 39. [11] ശ്രീ. ചി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീമൂലം കേന്ദ്ര കൈത്തറി സഹകരണ സംഘത്തിനു ഗവണ്മെന്റു് കഴിഞ്ഞ രണ്ടു വർഷത്തിനകം എത്ര രൂപ ഗ്രാന്റും, വായ്പയും കൊടുത്തിട്ടുണ്ടു് ;

(ബി) വായ്പ മേടിച്ചതിനു ആവശ്യമായ പ്രമാണങ്ങൾ സംഘം രജിസ്റ്റർ ചെയ്തു തന്നിട്ടുണ്ടോ ;

(സി) 1954-ൽ ഏതു തീയതിയിലാണ് വായ്പ നൽകിയതു് ; അതിന്റെ പ്രമാണം എന്നു് രജിസ്റ്റരാക്കി ;

(ഡി) പ്രസ്തുത സംഘത്തിന്റെ പ്രവർത്തനത്തിൽ ഗവണ്മെന്റിനു എന്തെല്ലാം നിയന്ത്രണങ്ങളാണുള്ളതു് ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ശ്രീമൂലം കേന്ദ്ര കൈത്തറി സഹകരണ സംഘത്തിന് ഗവണ്മെന്റ് കഴിഞ്ഞ രണ്ടു വർഷത്തിനകം 2,59,352 രൂപ 5 അണ 8 പൈസ ഗ്രാന്റായും 2,73,780 രൂപ പലിശയില്ലാത്ത വായ്പയായും കൊടുത്തിട്ടുണ്ട്.

(ബി) വായ്പമേടിച്ചതിനാവശ്യമായ പ്രമാണങ്ങൾ സംഘം രജിസ്റ്റർചെയ്തുതന്നിട്ടില്ല. അതിനുവേണ്ടനടപടികൾ നടത്തിക്കൊണ്ടിരിക്കുന്നു.

(സി) 1954 ആഗസ്റ്റ് മാസം 8-ാം തീയതിയാണ് വായ്പ നൽകിയത്. പ്രമാണങ്ങൾ രജിസ്റ്റർചെയ്തുതരുന്നതിന് നടപടികൾ നടത്തിവരുന്നു.

(ഡി) പ്രസ്തുതസംഘത്തിന്റെ പ്രവർത്തനത്തിൽ ഗവണ്മെന്റിനു സ്വാധീനവും നിയന്ത്രണവും ഉള്ളതുകൊണ്ട് പലിശയില്ലാത്ത വായ്പയായി സംഘത്തിന് 2,73,780 രൂപ നൽകിയിരിക്കുന്നതുകൊണ്ട് ഗവണ്മെന്റിൽനിന്നും ഒരു ബിസിനസ് മാനേജരെ നിയമിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: യാതൊരു രേഖയോ പ്രമാണമോ വാങ്ങാതെ ഇത്രയും തുക കൊടുക്കാൻ കാരണമെന്താണ്?

ശ്രീ. എ. എ. റഹിം: കോവാപ്പറേറീവ് സൊസൈറ്റിയുടെ അത്യാവശ്യത്തെ പരിഗണിച്ചും, അതിനുവേണ്ടിയുള്ള നിബന്ധനകൾ എഴുതുന്നതിനെ സംബന്ധിച്ചും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായതുകൊണ്ടും, കഴിയുന്നതും വേഗം അതു രജിസ്റ്റർചെയ്യപ്പെടുമെന്നുള്ള കരുതിയും കൊടുത്തുപോയിട്ടുള്ളതാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: പണം വാങ്ങുന്നകാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടില്ലേ; പ്രമാണം രജിസ്റ്റർ ചെയ്തുതരുന്ന കാര്യത്തിലാണോ അഭിപ്രായവ്യത്യാസമുണ്ടായത്?

ശ്രീ. എ. എ. റഹിം: ഇതു കേന്ദ്ര സഹകരണ സംഘത്തിനുവേണ്ടിയാണു കൊടുത്തിട്ടുള്ളതു്. അതിനുള്ള കാരണം 1954-ൽ പ്രൈമറി സൊസൈറ്റികളിൽ സ്റ്റാക്കുകൾ വളരെ കൂടികിടക്കുവാൻ ഇടയായതുമൂലം വളരെ പ്രയാസങ്ങൾ നേരിടുകയും അതുവാങ്ങിക്കുന്നതിന് കേന്ദ്ര സൊസൈറ്റിക്കു പണം ഇല്ലാതാകുകയും തന്മൂലം കൈത്തറി വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്ക് വൈഷമ്യങ്ങൾ ഉണ്ടാകുകയും ചെയ്യുന്ന സന്ദർഭത്തിൽ ഈ പണം കൊടുത്താൽ ആ പ്രയാസങ്ങൾ മാറ്റാൻ സാധിക്കുമെന്നുതോന്നി. എന്നാൽ അതിനാവശ്യമായ പ്രമാണങ്ങൾ എഴുതി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ചു ചില ക്ലാസുകളെക്കുറിച്ചു അഭിപ്രായവ്യത്യാസം ഉണ്ടായി. അങ്ങനെയുള്ള അഭിപ്രായവ്യത്യാസങ്ങൾകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും കറസ്പോണ്ടൻസു നടത്തിയതുമൂലം ഈ കാലതാമസം നേരിട്ടിട്ടുള്ളതാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: കൊടുത്തപണം തിരിച്ചുകിട്ടുമെന്നു ഗവണ്മെന്റിനു വിശ്വാസമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം: ആ വിശ്വാസത്തിലാണ് കൊടുത്തിട്ടുള്ളത്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: പ്രമാണങ്ങളും രേഖകളും ഇല്ലാതെ യാണോ കൊടുത്തിട്ടുള്ളത്. പിന്നെ എങ്ങനെയാണ് തിരിയെപ്പിടിക്കുക?

ശ്രീ. എ. എ. റഹിം: ഗവണ്മെന്റിനു സ്വാധീനവും, നിയന്ത്രണവും ഉള്ള സൊസൈറ്റികളാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഗവണ്മെന്റിനു സ്വാധീനമുള്ളതു കൊണ്ടാണോ കൊടുത്തത്?

ശ്രീ. എ. എ. റഹിം: ഗവണ്മെന്റിനു നിയന്ത്രണമുള്ളതുകൊണ്ടാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മറ്റെങ്കിലും സൊസൈറ്റിക്ക് ഇപ്രകാരം പണം കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. ബാവ: എന്നാണ് ഈ പണം അവർക്കു കൊടുത്തത്?

ശ്രീ. എ. എ. റഹിം: 1954 ആഗസ്റ്റുമാസം 8-ാംനു- യാണ്.

ശ്രീ. കെ. എ. ബാലൻ: വേറെ ഏതു സൊസൈറ്റിക്കാണ് കൊടുത്തിട്ടുള്ളത്?

ശ്രീ. എ. എ. റഹിം: തൃശ്ശൂർഡിസ്ട്രിക്ടിലുള്ള ഒരു കേന്ദ്ര സഹകരണസംഘത്തിനാണ്.

ശ്രീ. കെ. എ. ബാലൻ: കൊച്ചിൻ സെൻട്രൽ കോവാപ്പറേറ്റീവു സൊസൈറ്റിക്ക് എന്തുകൊണ്ടു കൊടുത്തിട്ടുള്ളതു?

ശ്രീ. എ. എ. റഹിം: കൊച്ചിൻകാട്ടേജ് ഇൻഡസ്ട്രീസ് കോവാപ്പറേറ്റീവ് സൊസൈറ്റിക്കാണ്.

ശ്രീ. കെ. പി. ഹോർമീസ്: അവിടെയും അഭിപ്രായവ്യത്യാസങ്ങൾ മൂലമാണോ പ്രമാണങ്ങൾ രജിസ്റ്റർചെയ്യാതിരുന്നതു?

ശ്രീ. എ. എ. റഹിം: അവിടെനിന്നും അയച്ചിട്ടുള്ള ഡ്രാഫ്റ്റിലും മാറ്റങ്ങൾ വരുത്തി. അതു വളരെ താമസിക്കാതെ ഉടനെ രജിസ്റ്റർ ചെയ്യാൻ സാദ്ധ്യതകൾ ഉണ്ട്.

ശ്രീ. കെ. പി. ഹോർമീസ്: അഭിപ്രായവ്യത്യാസം തുടർന്നുകൊണ്ടുപോയാൽ പ്രമാണം രജിസ്റ്റർ ചെയ്യാൻ സാധിക്കയില്ലെന്നറിയാമോ?

ശ്രീ. എ. എ. റഹിം: ഉടനെതന്നെ പ്രമാണം രജിസ്റ്റർ ചെയ്യുന്നതാണ്.

ശ്രീ. കെ. എ. ബാലൻ: അവർ ഇക്കൊല്ലവും ലോൺ ചോദിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എ. ബാലൻ : ഇപ്പോൾ ലോൺ കൊടുക്കാത്തതുകൊണ്ടു് ഉൽപ്പാദിപ്പിക്കുന്ന ചരക്കുകൾ എടുക്കാൻ നിവൃത്തിയില്ല എന്ന വിവരം അറിയാമോ ?

ശ്രീ. എ. എ. റഹിം : ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. കെ. എ. ബാലൻ : അക്കാര്യത്തെസംബന്ധിച്ചു ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. എ. എ. റഹിം : അതിനാവശ്യമായ നിബന്ധനകൾ എഴുതി പ്രമാണം രജിസ്റ്റർചെയ്തു തരുന്നതിനു അവർക്കു താൽപ്പര്യമുണ്ടാകുമ്പോൾ വായ്പകൾ കൊടുക്കും.

കയറിന്റെ വില.

* 40. [12] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ :

(എ) 13, 14 സ്കോർ അഞ്ചുതെങ്ങു കയറിന്റെ ഇപ്പോഴത്തെ വിലയെന്തു് ;

(ബി) അഞ്ചുതെങ്ങുതരം കയർ ഉൽപ്പാദിപ്പിക്കുന്ന പ്രദേശത്തു അഴക്കൽ തൊണ്ടിനു നിലവിലുള്ള വിലനിരക്കെന്തു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) അഞ്ചുതെങ്ങുകയറിനു കൊച്ചിയിൽ ഇപ്പോൾ 345 രൂപ മുതൽ 355 രൂപ വരെയുണ്ടു്.

(ബി) കയർ സഹകരണസംഘങ്ങളിൽ അഴക്കൽതൊണ്ടിനു് 43½ രൂപ മുതൽ 53 രൂപ വരെയും മറ്റു വ്യാപാരികൾ 57 രൂപ മുതൽ 65 രൂപ വരെയും വിലവച്ചുവിൽക്കുന്നു.

ശ്രീ. യു. നീലകണ്ഠൻ : അഴക്കു തൊണ്ടിനു് 57 മുതൽ 65 രൂപ വരെ വിലയുള്ളതുകൊണ്ടു് ഈ കയർ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്കു് പ്രയാസം നേരിടുന്നുണ്ടെന്നറിയാമോ ?

ശ്രീ. എ. എ. റഹിം : കയർ വ്യവസായം നടത്തുന്നവർക്കു് പ്രയാസങ്ങൾ ഉണ്ടെന്നറിയാം.

ശ്രീ. യു. നീലകണ്ഠൻ : അവർക്കു് വളരെ നഷ്ടംവരുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിനറിവുണ്ടോ ?

ശ്രീ. എ. എ. റഹിം : ലാഭംകിട്ടാൻ അധികം ഇടയില്ലെന്നു് ഗവണ്മെൻറിനറിവുണ്ടു്.

ശ്രീ. യു. നീലകണ്ഠൻ : കയറിനു 355 രൂപ വിലയുള്ള അവസരത്തിൽ 1000 അഴക്കൽതൊണ്ടിനു് 65 രൂപ വിലയാണു്. ഇപ്പോൾ അതു കയർവ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്കു വളരെ നഷ്ടത്തിനു കാരണമാണെന്നുള്ളതു ഗവണ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly